"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദ സഞ്ചാര വകുപ്പ് - ജീവനക്കാര്യം - ക്ലിഫ് ഹൗസിൽ ശ്രീ. നാണു വി-യെയും കന്റോൺമെന്റ് ഹൗസിൽ ശ്രീ. സന്തോഷ് കുമാർ എസ്സ്, ശ്രീ. സുരേന്ദ്രൻ . കെ- സ്വീപ്പർ തസ്തിക- ദിവസവേതനാടിസ്ഥാനത്തിൽ തുടരുന്നത്- അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദ സഞ്ചാര (എ) വകുപ്പ്**

സ.ഉ.(സാധാ) നം.342/2024/TSM തീയതി,തിരുവനന്തപുരം, 12-07-2024

---

പരാമർശം:-
1. 28.10.2023-ലെ സ.ഉ.(സാധാ) നം. 567/2023/ടൂറിസം.
2. 06.01.2024-ലെ സ.ഉ.(സാധാ) നം. 11/2024/ടൂറിസം.
3. വിനോദ സഞ്ചാര വകുപ്പ് ഡയറക്ടറുടെ 24.05.2024-ലെ DOT/12933/2023-E4 നമ്പർ കത്ത്

**ഉത്തരവ്**

മന്ത്രിമന്ദിരങ്ങൾക്കു കീഴിൽ ബഹു. മുഖ്യമന്ത്രിയുടെ ഔദ്യോഗിക വസതിയായ ക്ലിഫ് ഹൗസിലും ബഹു. പ്രതിപക്ഷ നേതാവിന്റെ ഔദ്യോഗിക വസതിയായ കന്റോൺമെന്റ് ഹൗസിലും സർക്കാർ സർവീസിൽ നിന്നും വിരമിച്ചതിന് ശേഷം ശ്രീ. നാണു വി, ശ്രീ. സന്തോഷ് കുമാർ എസ്, ശ്രീ. സുരേന്ദ്രൻ കെ എന്നീ ജീവനക്കാരെ, അംഗീകൃത തസ്തികകൾക്കുപരിയായി സർക്കാർ അനുമതി ലഭ്യമായിട്ടുള്ള സ്വീപ്പർ തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്ന സാഹചര്യവും ദിവസവേതനക്കാരെ നിയമിക്കുന്നതിന് പ്രായപരിധി നിശ്ചയിച്ചിട്ടില്ലാത്ത സാഹചര്യവും കണക്കിലെടുത്ത് 01.07.2023 മുതൽ ഒരു വർഷത്തേക്ക് സ്വീപ്പർ തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ തുടരുന്നതിന് പരാമർശം (2) പ്രകാരം അനുമതി നൽകിയിരുന്നു.

**(2).** പ്രസ്തുത കാലയളവ് 30.06.2024-ൽ അവസാനിച്ച സാഹചര്യത്തിൽ തുടർന്നും ടി ജീവനക്കാരെ കന്റോൺമെന്റ് ഹൗസിലും അംഗീകൃത തസ്തികകൾക്ക്

ഉപരിയായി സർക്കാർ അനുവദിച്ചിട്ടുള്ള സ്വീപ്പർ തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ തുടരുന്നതിന് അനുമതി നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും വിനോദ സഞ്ചാര വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

**(3).** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ക്ലിഫ് ഹൗസിലും കന്റോൺമെന്റ് ഹൗസിലും നടത്തിയിട്ടുള്ള നിയമനങ്ങൾ പരാമർശം (1) ഉത്തരവ് പ്രകാരമുള്ള അംഗബലത്തിന് ഉള്ളിൽ ആയിരിക്കണം എന്ന നിബന്ധനയോടെ ചുവടെ ചേർക്കുന്ന ജീവനക്കാർക്ക് **02.07.2024** മുതൽ ഒരു വർഷത്തേയ്ക്ക് കൂടി സ്വീപ്പർ തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ തുടരുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | പേര് | ജോലി ചെയ്യുന്ന സ്ഥാപനം | ജോലി ചെയ്യുന്ന തസ്തിക |
|---|---|---|---|
| 1 | ശ്രീ. നാണു വി.<br>ഇല്ലത്ത് ഹൗസ്, പിണറായി,<br>തലശ്ശേരി, കണ്ണൂർ | ക്ലിഫ് ഹൗസ് | സ്വീപ്പർ |
| 2 | ശ്രീ. സന്തോഷ് കുമാർ എസ്<br>ശ്രീനിലയം, മരപ്പാലം, പട്ടം,<br>തിരുവനന്തപുരം | കന്റോൺമെൻറ് ഹൗസ് | സ്വീപ്പർ |
| 3 | ശ്രീ. സുരേന്ദ്രൻ കെ<br>കൗസ്തുഭം, വഴുതനമുകൾ,<br>പൂവച്ചൽ പി ഒ<br>തിരുവനന്തപുരം | കന്റോൺമെൻറ് ഹൗസ് | സ്വീപ്പർ |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദ സഞ്ചാര ഡയറക്ടറേറ്റ് , തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I/II) കേരള, തിരുവനന്തപുരം
ധനകാര്യ (വ്യയം-സി) വകുപ്പ് [06.07.2024 ലെ EXP-C3/19/2024-FIN[2807273] നമ്പർ റിമാർക്സ് പ്രകാരം]
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (ടൂർ-എ1/119/2024-ടൂർ)

ഉത്തരവിൻ പ്രകാരം

Signed by
Reena P P
Date: 12-07-2024 15:52:06
സെക്ഷൻ ഓഫീസർ

പകർപ്പ്:
വിനോദ സഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
വിനോദ സഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി എ യ്ക്ക്
വിനോദ സഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി എ യ്ക്ക്